എ.വൈ.ആർ


സൂറ-18

# അൽ കഹ്ഫ്

وَيَسْـَٔلُونَكَ عَن ذِى ٱلْقَرْنَيْنِ ۖ قُلْ سَأَتْلُوا۟ عَلَيْكُم مِّنْهُ ذِكْرًا ﴿٨٣﴾

**83.** ദുൽഖർനൈനിയെ കുറിച്ചും ഈ ജനം പ്രവാചകനോടു ചോദിക്കുന്നുവല്ലോ. പ്രവാചകൻ അവരോടു പറയുക: അദ്ദേഹത്തിൽ നിന്നുള്ള ചില പാഠങ്ങൾ ഞാൻ നിങ്ങൾക്ക് ഓതിത്തരാം.

إِنَّا مَكَّنَّا لَهُۥ فِى ٱلْأَرْضِ وَءَاتَيْنَـٰهُ مِن كُلِّ شَىْءٍ سَبَبًا ﴿٨٤﴾

**84.** ദുൽഖർനൈനിക്ക് നാം ഭൂമിയിൽ വലിയ അധികാരമരുളിയിട്ടുണ്ടായിരുന്നു. സകല സാധനസാമഗ്രികളും ഒരുക്കിക്കൊടുക്കുകയും ചെയ്തു.

فَأَتْبَعَ سَبَبًا ﴿٨٥﴾

**85.** അങ്ങനെ അദ്ദേഹം ഒരു പട നയിച്ചു.

حَتَّىٰٓ إِذَا بَلَغَ مَغْرِبَ ٱلشَّمْسِ وَجَدَهَا تَغْرُبُ فِى عَيْنٍ حَمِئَةٍ وَوَجَدَ عِندَهَا
قَوْمًا ۗ قُلْنَا يَـٰذَا ٱلْقَرْنَيْنِ إِمَّآ أَن تُعَذِّبَ وَإِمَّآ أَن تَتَّخِذَ فِيهِمْ حُسْنًا ﴿٨٦﴾

**86.** ആ ജൈത്രയാത്ര പശ്ചിമ ചക്രവാളത്തിലെത്തിയപ്പോൾ സൂര്യബിംബം ഒരു ഇരുണ്ട ജലാശയത്തിൽ മുങ്ങി മറയുന്നത് കണ്ടു. അവിടെ ഒരു ജനസമൂഹത്തെയും അദ്ദേഹം കണ്ടു. നാം പറഞ്ഞു: ഓ, ദുൽഖർനൈൻ! വേണമെങ്കിൽ നിനക്കിവരെ മർദിക്കാം. അല്ലെങ്കിൽ അവരോട് നല്ല നിലയിൽ വർത്തിക്കാം.

وَيَسْـَٔلُونَكَ= അവർ (ഈ ജനം) നിന്നോടു ചോദിക്കുന്നുവല്ലോ

عَن ذِى ٱلْقَرْنَيْنِ= ഇരട്ടക്കൊമ്പനെ(ദുൽഖർനൈനിയെ)കുറിച്ചും قُلْ= നീ (പ്രവാചകൻ അവരോടു) പറയുക

سَأَتْلُوا۟ عَلَيْكُم= നിങ്ങൾക്കു ഞാൻ ഓതിത്തരാം مِّنْهُ= അദ്ദേഹത്തിൽനിന്നുള്ള ذِكْرًا= ഒരു ഉദ്ബോധനം (ചില പാഠങ്ങൾ)

إِنَّا مَكَّنَّا لَهُۥ= അദ്ദേഹത്തിനു നാം സൗകര്യപ്പെടുത്തി(വലിയ അധികാരമരുളിയിട്ടുണ്ടായിരുന്നു)

فِى ٱلْأَرْضِ= ഭൂമിയിൽ وَءَاتَيْنَـٰهُ= നാം അദ്ദേഹത്തിനു നൽകി(ഒരുക്കിക്കൊടുക്കുകയും ചെയ്തു)

مِن كُلِّ شَىْءٍ= എല്ലാ വസ്തുക്കളിൽനിന്നുമുള്ള سَبَبًا= കാരണം, ഉപാധികൾ(സാധന സാമഗ്രികളും)

فَأَتْبَعَ= അദ്ദേഹം പിന്തുടർന്നു, മുന്നോട്ടുനയിച്ചു سَبَبًا= സാധന സാമഗ്രികളെ (ഒരു പടയെ)

حَتَّىٰٓ إِذَا بَلَغَ= അദ്ദേഹം എത്തുവോളം(ആ ജൈത്രയാത്ര എത്തിയപ്പോൾ)

مَغْرِبَ ٱلشَّمْسِ= (പശ്ചിമ ചക്രവാളത്തിൽ) അസ്തമന സ്ഥാനത്ത്

وَجَدَهَا تَغْرُبُ= അത്(സൂര്യൻ) അസ്തമിക്കുന്നതായി അദ്ദേഹം കണ്ടു فِى عَيْنٍ= ഒരു ജലാശയത്തിൽ

حَمِئَةٍ= ഇരുണ്ട, തപിച്ച وَوَجَدَ عِندَهَا قَوْمًا ۗ= അതിനടുത്ത്(അവിടെ) ഒരു ജനസമൂഹത്തെയും കണ്ടു

قُلْنَا= നാം പറഞ്ഞു يَـٰذَا ٱلْقَرْنَيْنِ= ഓ, ദുൽഖർനൈൻ

إِمَّآ أَن تُعَذِّبَ= ഒന്നുകിൽ നിനക്കു ശിക്ഷിക്കാം (വേണമെങ്കിൽ നിനക്കിവരെ മർദിക്കാം)

وَإِمَّآ أَن تَتَّخِذَ فِيهِمۡ حُسۡنًا= ഒന്നുകിൽ (അല്ലെങ്കിൽ) നിനക്കവരിൽ നന്മ സ്വീകരിക്കാം (അല്ലെങ്കിൽ അവരോട് നല്ലനിലയിൽ വർത്തിക്കാം)

**83.** ഈ ജനം എന്നുപറയുന്നത് ഖുറൈശികളെയാണ്. പ്രവാചകനോടു ചോദിക്കാൻ യഹൂദർ ഖുറൈശികളെ ഉപദേശിച്ച മൂന്നാമത്തെ ചോദ്യമാണിത്. ദുൽഖർനൈനിയുടെ കഥ അക്കാലത്ത് അറേബ്യയിൽ അത്ര പ്രചാരത്തിലുണ്ടായിരുന്നില്ലെങ്കിലും യഹൂദ പണ്ഡിതന്മാർക്ക് സുപരിചിതമായിരുന്നുവെന്ന് വ്യക്തം. ആരാണീ ദുൽഖർനൈൻ, ഏതു കാലക്കാരനും ഏതു നാട്ടുകാരനുമാണയാൾ എന്നൊന്നും ഖുർആൻ പരാമർശിക്കുന്നില്ല. ആ കഥയിലെ ചില പാഠങ്ങൾ ഉൾക്കൊള്ളാൻ ആവശ്യമായ കാര്യങ്ങൾ മാത്രമേ പറയുന്നുള്ളൂ. ചരിത്രപരമായ വിശദാംശങ്ങൾ ഖുർആന്റെ വിഷയമല്ല; ചരിത്രകാരന്മാരുടെ വിഷയമാണ്. ഖുർആൻ പറയുന്നതിതാണ്: ദുൽഖർനൈൻ പശ്ചിമ ദിക്കുകളും പൂർവ ദിക്കുകളും ജയിച്ചടക്കി വിശാലമായ സാമ്രാജ്യം സ്ഥാപിച്ച ചക്രവർത്തിയായിരുന്നു. ഒപ്പം നിഷ്കളങ്കനായ ദൈവവിശ്വാസിയും മഹാഭക്തനും തികഞ്ഞ നീതിമാനുമായിരുന്നു. തന്റെ അധികാരവും സമ്പത്തും സൗഭാഗ്യങ്ങളുമൊന്നും അദ്ദേഹത്തെ അൽപവും അഹങ്കാരിയോ ധിക്കാരിയോ ആക്കിയില്ല. ദൈവത്തിന്റെ അഭീഷ്ടത്തിനൊത്താണ് അദ്ദേഹം പ്രജകളെ പാലിച്ചുപോന്നത്. തന്റെ കൈവശമുള്ളതെല്ലാം അല്ലാഹുവിന്റെ ദാനമാണെന്നും അത് അവന്റെ പ്രീതിക്കുതകുംവണ്ണം നന്ദിയോടെ വിനിയോഗിക്കുകയാണ് തന്റെ ധർമമെന്നുമായിരുന്നു അദ്ദേഹത്തിന്റെ ഉറച്ച നിലപാട്. തന്റെ അധികാരവും കഴിവുകളും നിർമിതികളുമൊന്നും ശാശ്വതമല്ലെന്നും അല്ലാഹു ഉദ്ദേശിക്കുന്ന ഏത് സമയത്തും അവയെല്ലാം ഇല്ലാതാകുമെന്നും ഉറച്ചുവിശ്വസിച്ചു. അല്ലാഹു അദ്ദേഹത്തിന് കൂടുതൽ കൂടുതൽ അനുഗ്രഹങ്ങളരുളിക്കൊണ്ടിരുന്നു. സമ്പൽസമൃദ്ധനായാലും സർവാധികാരിയായാലും പരമദരിദ്രനായാലും പഞ്ചപാവമായ അടിമയായാലും ജീവിതത്തോട് മനുഷ്യൻ സ്വീകരിക്കേണ്ടത് ഈ നിലപാടാണ്. മഹാസാമ്രാജ്യങ്ങൾ ഭരിക്കുന്ന ചക്രവർത്തിമാർക്ക് അതു കഴിയുമെങ്കിൽ സാധാരണ മനുഷ്യർക്ക് എന്തുകൊണ്ട് കഴിയില്ല. ഇതാണ് ഈ കഥയുടെ പ്രധാന പാഠം.

سَأَتۡلُواْ عَلَيۡكُم مِّنۡهُ ذِكۡرًا -എന്ന വാക്യം ശ്രദ്ധേയമാണ്. ഉദ്ബോധനം, അനുസ്മരണം, പാഠം, പറയൽ എന്നെല്ലാം അർഥമുള്ള പദമാണ് ذِكۡر. ദുൽഖർനൈനിയുടെ കഥ പറഞ്ഞുതരാം എന്നല്ല പറയുന്നത്, പ്രത്യുത ആ കഥയിൽ നിങ്ങൾക്ക് പ്രയോജനകരമായിട്ടുള്ള പാഠങ്ങൾ പറഞ്ഞുതരാം എന്നാണ്. പാഠങ്ങൾ വേർതിരിച്ചെടുത്തു പറഞ്ഞുതരുന്നതിനു പകരം അവയുൾക്കൊള്ളുന്ന സംഭവങ്ങളാണ് പറയുന്നത്.

ഖുർആൻ പറയുന്ന ഈ ദുൽഖർനൈനി ആരായിരുന്നു എന്നു നിർണയിക്കുന്നതിൽ ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ വിപുലമായ ഭിന്നതകളുണ്ട്. ദുൽഖർനൈൻ എന്നത് ഈ ചരിത്രപുരുഷന്റെ യഥാർഥ നാമമല്ല, അപരാഭിധാനമാണ് എന്നതാണ് എല്ലാവരും യോജിക്കുന്ന ഒരു കാര്യം. എന്നാൽ ഈ അഭിധാനത്തിനാധാരമെന്താണെന്ന കാര്യത്തിൽ ഭിന്നതയുണ്ട്. അദ്ദേഹം തലമുടി രണ്ടുവശത്തേക്കും മെടഞ്ഞിട്ടിരുന്നതുകൊണ്ടാണെന്ന് ഒരു കൂട്ടർ. രണ്ടു കൊമ്പുള്ള ശിരോകവചം ധരിച്ചിരുന്നതുകൊണ്ടാണെന്ന് വേറൊരു കൂട്ടർ. അദ്ദേഹം അടിച്ചിറക്കിയ നാണയത്തിൽ, ശിരസ്സിൽ രണ്ടു കൊമ്പുള്ള രൂപത്തിൽ അദ്ദേഹത്തിന്റെ ചിത്രം മുദ്രണം ചെയ്തിരുന്നതാണ് കാരണമെന്ന് ഇനിയൊരു കൂട്ടർ. കിഴക്കും പടിഞ്ഞാറുമുള്ള ദേശങ്ങളെല്ലാം കീഴടക്കി അധികാരം വാണതിനെ സൂചിപ്പിക്കുന്ന സ്ഥാനപ്പേരാണതെന്ന് മറ്റൊരു വിഭാഗം പറയുന്നു. ഇതാണ് കൂട്ടത്തിൽ കൂടുതൽ യുക്തിസഹവും പ്രബലവുമായ അഭിപ്രായം.

ദുൽഖർനൈൻ വെറും രാജാവായിരുന്നുവോ, രാജാവായ പ്രവാചകനായിരുന്നുവോ വലിയ്യ് (പുണ്യവാളൻ) ആയ രാജാവായിരുന്നുവോ എന്നതാണ് മറ്റൊരു തർക്കം. ഏകദൈവ വിശ്വാസിയും ഭക്തനും നീതിമാനുമായ രാജാവായിരുന്നു എന്ന നിലപാടാണ് ബഹുഭൂരിപക്ഷം പണ്ഡിതന്മാരും സ്വീകരിച്ചിട്ടുള്ളത്. കാരണം ദുൽഖർനൈനിക്ക് ഭൂമിയിൽ അധികാരം നൽകി إِنَّا مَكَّنَّا لَهُۥ فِى ٱلۡأَرۡضِ എന്നാണ് ഖുർആൻ പറഞ്ഞത്; വഹ്‌യ് നൽകിയെന്നു പറഞ്ഞില്ല. വഹ്‌യ് നൽകി പ്രവാചകനായി നിയോഗിച്ചെങ്കിൽ അത് വ്യക്തമായി പ്രസ്താവിക്കുമായിരുന്നു. ഇൽഹാം നൽകി 'വലിയ്യ്' ആക്കി എന്നും പറഞ്ഞിട്ടില്ല.

ഇദ്ദേഹത്തിന്റെ യഥാർഥ പേര് എന്താണ്? ഏതു കാലത്ത്, എവിടെയാണിദ്ദേഹം രാജാവായിരുന്നത് എന്നതാണ് അടുത്ത പ്രശ്നം. ദുൽഖർനൈനിയായി, ഗ്രീക്ക് ചക്രവർത്തി അലക്സാണ്ടർ ഫിലിപ്സിനെ പൂർവിക ഖുർആൻ വ്യാഖ്യാതാക്കളിൽ പലരും നിർദേശിച്ചിരിക്കുന്നു. വിപുലമായ പടയോട്ടങ്ങളിലൂടെ അതിവിശാലമായ സാമ്രാജ്യം കെട്ടിപ്പടുത്തിട്ടുണ്ട് അദ്ദേഹം എന്നതാണ് കാരണം. പുരാതന പേർഷ്യയിലെ മഹാവിജിഗീഷുവായി വർണിക്കപ്പെടുന്ന അഫ്‌രിദൂൻ രാജാവാണെന്നാണ് ചിലർ പറയുന്നത്. ഹിംയർ രാജാക്കന്മാരിൽ പ്രമുഖനായിരുന്ന അബൂബക്കർ ബിൻ അഫ്‌രിക്കശ് ആണെന്നാണ് അൽബറൂനി പറയുന്നത്. ذو (Master of) എന്ന വിശേഷണമുള്ള സ്ഥാനപ്പേര് സ്വീകരിക്കാറുള്ളത് അവരാണെന്നതാണ് അദ്ദേഹത്തിന്റെ

ന്യായം. ഉദാ: ദൂനവാസ്, ദൂയസൻ. വന്മതിൽ നിർമിച്ച ചൈനീസ് ചക്രവർത്തിയെയാണ് ചിലർ ദുൽഖർനൈനി യായി കാണുന്നത്. മറുനാട്ടുകാരുടെ കടന്നാക്രമണങ്ങ ളിൽനിന്ന് ചൈനയെ രക്ഷിക്കാൻ അദ്ദേഹം നിർമിച്ച വൻമ തിൽ തന്നെ തെളിവ്. ചിലയാളുകൾ മറ്റു പലരെയും ദുൽഖർനൈനിയായി സങ്കൽപ്പിക്കുന്നുണ്ട്. മേൽപ്പറഞ്ഞ വയെക്കാൾ ബാലിശമാണ് അവരുന്നയിക്കുന്ന തെളിവു കൾ. ഖുർആൻ ദുൽഖർനൈനി എന്നു വിളിക്കുന്നത് ഇന്ന യാളെയാണെന്ന് ഖണ്ഡിതമായി പറയാൻ പര്യാപ്തമായ തെളിവുകൾ ഇതുവരെ ലഭിച്ചിട്ടില്ല എന്നതാണ് വസ്തു ത. പൂർവകാലത്ത് ഒട്ടേറെ വീരസാഹസികരായ രാജാക്ക ന്മാർ കടന്നുപോയിട്ടുണ്ട്. കഥാകാരന്മാർ അവരറിയുന്ന വീരനായകന്മാരുടെ ചില ഗുണങ്ങൾ പരിഗണിച്ച് അവരെ ദുൽഖർനൈനിയായി സങ്കൽപ്പിക്കുകയായിരുന്നുവെന്ന് ഇബ്നു ആശൂർ തന്റെ തഫ്സീറിൽ പറയുന്നുണ്ട്. പക്ഷേ, വന്മതിലിനെ ആസ്പദമാക്കി, ചൈനീസ് ചക്രവർത്തി യാണ് ദുൽഖർനൈൻ എന്ന് അദ്ദേഹവും പറയുന്നു. വന്മ തിൽ പണിതത് ഏതെങ്കിലും സാമന്ത രാജ്യത്തെ മറ്റു രാജ്യത്തിൽ നിന്നു രക്ഷിക്കാനായിരുന്നില്ല; ചൈനയെത്തന്നെ രക്ഷിക്കാനായിരുന്നു. ചൈനീസ് ചക്ര വർത്തി കൺഫ്യൂഷ്യസ് മതക്കാരനായിരുന്നുവെന്നും ആ മതം ഏകദൈവവിശ്വാസത്തിലധിഷ്ഠിതമായിരുന്നുവെന്നും അംഗീകരിച്ചാലും തന്റെ അവസാന കാലത്ത് അദ്ദേഹം കൊടുംക്രൂരനും കൊടിയ മർദകനുമായിട്ടാണ് ഭരിച്ചിരുന്ന തെന്നാണ് ചരിത്രം പറയുന്നത്. വൻമതിൽ നിർമിച്ചിട്ടു ള്ളത് ഇരുമ്പും ചെമ്പും ഉപയോഗിച്ചല്ല എന്ന കാര്യവും അനിഷേധ്യമാകുന്നു. കല്ലും മണ്ണും കുമ്മായവുമാണതിന്റെ നിർമാണ ഘടകങ്ങൾ. ബൈറൂനി പറയുന്നപോലെ ഹിംയർ രാജവംശത്തിലെ അബൂബക്കർ തുബ്ബഉ് വലിയ ശക്തനും സാമ്രാജ്യസ്ഥാപകനുമായിരിക്കാം. പക്ഷേ അദ്ദേഹം കിഴക്കോട്ടും പടിഞ്ഞാട്ടും ഒരുപോലെ പടയോട്ടം നടത്തിയതായി കാണുന്നില്ല. രണ്ടു മലകളെ ബന്ധിപ്പിച്ച് പ്രതിരോധ മതിൽ നിർമിച്ചതായും പറയുന്നില്ല. ഹിംയർ രാജാക്കന്മാർ അറിയപ്പെട്ടിരുന്നത് 'തുബ്ബഉ്' എന്ന സ്ഥാന പ്പേരിലാണ്. ഖുർആൻ മറ്റൊരിടത്ത് ഈ പദം തന്നെയാണ് ഉപയോഗിച്ചിട്ടുള്ളതും. ഹിംയരികൾ അറബികളാണ്. അറ ബികൾക്കിടയിൽ സുപരിചിതരുമാണ്. ഒരു സമസ്യയെ ന്നോണം അവരെക്കുറിച്ചു ചോദിക്കാൻ യഹൂദർ ഖുറൈ ശികളെ ഉപദേശിക്കേണ്ട കാര്യമില്ല. അലക്സാണ്ടർ ചക്ര വർത്തിയാണ് ദുൽഖർനൈനി എന്ന വീക്ഷണവും പല കാരണങ്ങളാൽ അസ്വീകാര്യമാകുന്നു. ഒന്നാമതായി അദ്ദേഹം ഏകദൈവവിശ്വാസിയായിരുന്നില്ല. അലക്സാ ണ്ടർ പടയോട്ടം നടത്തിയത് കിഴക്കോട്ടായിരുന്നു. അദ്ദേഹം പടിഞ്ഞാറോട്ട് പട നയിച്ചതായി ചരിത്രമില്ല. ഖുർആൻ സൂചിപ്പിക്കുന്ന തരത്തിലുള്ള ഭിത്തിയും അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്നില്ല.

ആധുനിക ഖുർആൻ വ്യാഖ്യാതാക്കളിൽ മൗലാനാ അബുൽ കലാം ആസാദ്, ഖോരേശ്, ഖുസ്റു, സൈറസ് എന്നീ പേരുകളിലറിയപ്പെടുന്ന പേർഷ്യൻ ചക്രവർത്തി യാണ് ദുൽഖർനൈൻ എന്ന് ഉറപ്പിച്ചുപറഞ്ഞിരിക്കുന്നു. ചില വിടവുകൾ അവശേഷിക്കുന്നുണ്ടെങ്കിലും, ചരിത്രാ ന്വേഷണത്തിലൂടെ തന്റെ വാദം ഏറെക്കുറെ സ്ഥാപിക്കു വാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. ദുൽഖർനൈൻ സൈറസ് ചക്രവർത്തിയാണെന്ന് ഉറപ്പിച്ചുപറയാനാവില്ലെ ങ്കിലും ഖുർആൻ സൂചിപ്പിക്കുന്ന ലക്ഷണങ്ങൾ ഏറെ യോജിക്കുന്ന ചരിത്രപുരുഷൻ സൈറസ് ത ന്നെയാണെന്നാണ് സയ്യിദ് അബുൽ അഅ്ലാ മൗദൂ ദിയും അമീൻ അഹ്സൻ ഇസ്ലാഹിയും സ്വീകരി ച്ചിട്ടുള്ള നിലപാട്.

സൈറസ് നീതിമാനായിരുന്നുവെന്ന് അദ്ദേഹ ത്തിന്റെ ശത്രുക്കളായ യവനചരിത്രകാരന്മാർപോലും സമ്മതിച്ചിട്ടുണ്ട്. ദുൽഖർനൈനിയെ കുറിച്ചു ചോദി ക്കാൻ ഖുറൈശികളെ ഉപദേശിച്ചത് യഹൂദപണ്ഡിത ന്മാരാണല്ലോ. അറബികൾക്കജ്ഞാതനും യഹൂദർക്ക് പരിചിതനും അവരുടെ ചരിത്രവുമായി ബന്ധപ്പെട്ട വനുമായ ഒരാളാണ് ദുൽഖർനൈനി എന്ന് അത് സൂചിപ്പിക്കുന്നു. അതിനാൽ തൗറാത്തിലും ജൂത ഇതി ഹാസങ്ങളിലുമാണ് അദ്ദേഹത്തെ ആദ്യം തെരയേ ണ്ടത്. ബൈബിൾ ദാനിയേൽ പുസ്തകം 8:3-4 ൽ പറയുന്നു: "ദൃഷ്ടി ഉയർത്തി ഞാൻ കണ്ടു: ഇതാ ഒരു ആണാട് നദീതീരത്തു നിൽക്കുന്നു; അതിനു രണ്ടു കൊമ്പ് ഉണ്ടായിരുന്നു; രണ്ടും നീണ്ട കൊമ്പു കൾ; എന്നാൽ ഒന്ന് മറ്റേതിനെക്കാൾ നീളമേറിയതാ യിരുന്നു.നീളമേറിയ കൊമ്പാണ് അവസാനം മുളച്ച ത്. ആണാട് പടിഞ്ഞാറോട്ടും വടക്കോട്ടും തെക്കോട്ടും ഇടിച്ചിടിച്ചു മുന്നേറുന്നത് ഞാൻ കണ്ടു; ഒരു ജന്തു വിനും അതിനെ ചെറുത്തുനിൽക്കാനായില്ല; അതിന്റെ ശക്തിയിൽനിന്ന് അഭയം നൽകാൻ ആർക്കും കഴിഞ്ഞില്ല; അതു തന്നിഷ്ടം പ്രവർത്തിച്ചു വമ്പുകാട്ടി." യേശുവാ പുസ്തകത്തിൽ ഒരു ഖോരേ ശിനെ പരാമർശിക്കുന്നുണ്ട്. ദാനിയേൽ പ്രവാചകന്ന് വെളിപ്പെട്ട രണ്ടു കൊമ്പുള്ള ആണാട് ഖോരേശ് ആണെന്നും കൊമ്പുകൾ സൂചിപ്പിക്കുന്നത് മിഡിയ യെയും പേർഷ്യയെയുമാണെന്നും, ഈ രണ്ടു നാടി നെയും ഖോരേശ് ജയിച്ചടക്കുമെന്നാണ് സ്വപ്നസൂ ചനയെന്നും വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. ചരിത്ര ത്തിൽ അത് പുലർന്നിട്ടുമുണ്ട്. ഇതാണ് യഹൂദ വിദ്വാ ന്മാരുടെ വ്യാഖ്യാനം. അതുകൊണ്ടാണ് ഖോരേശിന്ന് ഇരട്ടക്കൊമ്പൻ-ദുൽഖർനൈൻ എന്ന സ്ഥാനപ്പേര് ലഭിച്ചത്. അർദശിർ ഒന്നാമന്റെ കാലത്ത് സ്ഥാപിച്ച ഒരു ഖോരേശ് പ്രതിമ അടുത്ത കാലത്ത് ഇസ്ത്വഖർ നഗരത്തിനടുത്തു കണ്ടെത്തിയിരിക്കുന്നു. അതിൽ അദ്ദേഹം ധരിച്ചിരിക്കുന്നത് രണ്ടു കൊമ്പുള്ള കിരീ ടമാണ്. അദ്ദേഹത്തിന്റെ സാമ്രാജ്യ വിസ്തൃതിയു ടെയും അധികാരത്തിന്റെയും ചിഹ്നമാവാം അത്. ഇറാനിൽ കണ്ടെത്തിയ സൈറസ് പ്രതിമക്ക് ഗരു ഡന്റെ ചിറുകകൾ പോലെ രണ്ടു ചിറകും ശിരസ്സിൽ രണ്ടു കൊമ്പുമുണ്ടെന്നും ഖുർആൻ പറഞ്ഞ ദുൽഖർനൈൻ അദ്ദേഹം തന്നെയാണെന്ന് അത് അസന്ദിഗ്ധമായി തെളിയിക്കുന്നുവെന്നും മൗലാനാ ആസാദ് പറയുന്നു. സൈറസാണ് ബാബിലോണിയ യിൽ അടിമകളാക്കപ്പെട്ട ഇസ്രാഈല്യരെ മോചിപ്പി ക്കുകയും ഫലസ്തീനിലേക്ക് തിരിച്ചുപോകാൻ അനുവദിക്കുകയും ചെയ്തത്. ബൈതുൽ മഖ്ദിസ് പുനർനിർമിക്കാൻ അനുവദിച്ച അദ്ദേഹം അവിടെ ഇസ്രാഈൽ സമൂഹത്തെ മൂസവി ശരീഅത്തനുസ രിച്ച് സംവിധാനിക്കാൻ നിർദേശിക്കുകയും ചെച യ്തു. ഏകദൈവ വിശ്വാസത്തോടും വേദപ്രമാണങ്ങ ളോടും സൈറസിനുണ്ടായിരുന്ന അനുഭാവത്തെയാ ബി.സി 529 ലായിരുന്നു.

**84.** مَكَّنَّا യുടെ ഭാഷാർഥം നാം താമസിക്കാൻ സൗക ര്യപ്പെടുത്തി, സ്ഥലമൊരുക്കിക്കൊടുത്തു എന്നാണ്. ഇവിടെ ഉദ്ദേശ്യം അധികാരവും സ്വാതന്ത്ര്യവും നൽകി എന്നാണ്. سبب ഭാഷാർഥത്തിൽ കാരണമാണ്. ഉദ്ദിഷ്ട കാര്യത്തിലെത്തിക്കുന്ന മാധ്യമം, ഉപാധി തുടങ്ങിയ അർഥങ്ങളിലും ഉപയോഗിക്കും. അദ്ദേഹത്തിന്റെ നാട് സകലവിധ മാധ്യമങ്ങളാലും ഉപാധികളാലും (Resources) സമ്പന്നമായിരുന്നുവെന്നാണ് مِن كُلِّ شَيْءٍ سَبَبًا യുടെ താൽപര്യം.

**85.** اتباع ന്റെ മൗലികമായ അർഥം പിന്തുടരൽ ആണ്. തെരഞ്ഞു പോവുക, പരിശോധിക്കുക എന്നീ അർഥ ങ്ങളുമുണ്ട്. നയിക്കുക, മുന്നേറുക എന്ന അർഥത്തിലും ഉപയോഗിക്കും. ഒടുവിൽ പറഞ്ഞ അർഥമാണ് ഈ സന്ദർഭത്തിൽ കൂടുതൽ ഉചിതം. അപ്പോൾ അദ്ദേഹം സജ്ജീകരണത്തെ നയിച്ചു, സൈന്യവുമായി മുന്നേറി എന്നാകും ആശയം. പരിശോധിച്ചു എന്ന അർഥത്തി ലെടുക്കുമ്പോൾ വിഭവങ്ങൾ പരിശോധിച്ച് ഒരു സംരംഭ ത്തിന് തയാറാക്കി എന്നും.

**86.** مَغْرِبَ الشَّمْسِ കൊണ്ടുദ്ദേശ്യം പടിഞ്ഞാറോട്ട് സഞ്ച രിച്ച് സമുദ്രതീരത്തെത്തി എന്നാണ്. പടിഞ്ഞാറോട്ട് പോകാവുന്നതിന്റെ അങ്ങേയറ്റത്തെത്തി എന്നാണ് ഇബ്നുകഥീറിന്റെ വ്യാഖ്യാനം. അക്കാലത്തെ പൗര സ്ത്യരുടെ ദൃഷ്ടിയിൽ കരയുടെ അവസാനമായിരുന്നു അത്. ഉറവക്കും നദിക്കും കരയിലേക്കു തള്ളി നിൽക്കുന്ന സമുദ്രഭാഗത്തിനും കായലിനുമൊക്കെ ഉപ യോഗിക്കുന്ന പദമാണ് عَيْن. ഇരുണ്ടതിനും തപിച്ചതിനും حَمِئَة എന്നുപറയും. കറുത്ത് ചളിമയമായ ജലമാണിവിടെ ഉദ്ദേശ്യം. ഏഷ്യാമൈനറിന്റെ പശ്ചിമതീരത്ത് ഈജിയൻ സമുദ്രം രണ്ടു ഉൾക്കടലായി പിരിയുന്ന പ്രദേശമാണി തെന്നു കരുതപ്പെടുന്നു. ചില ചരിത്രകാരന്മാരുടെ വീക്ഷണത്തിൽ റോം ചെറുകടൽ (ബഹ്റുർറൂം) തീര ത്താണ് അദ്ദേഹം എത്തിയത്. സ്വദേശത്തുനിന്ന് പുറ പ്പെട്ട് ഇറാഖും സിറിയയും ലിഡിയയും (ഇന്നത്തെ തുർക്കി) കീഴടക്കിയ ശേഷം ബാബിലോണിയയുടെയും ഈജിപ്തിന്റെയും സ്പാർട്ടയുടെയും ആധിപത്യം കൈയടക്കിയ അദ്ദേഹത്തിന്റെ ജൈത്രയാത്ര അവസാ നിച്ചത് ഈ തീരത്തായിരുന്നു.

അവിടെ അദ്ദേഹം 'ഒരു ജനതയെ കണ്ടു' എന്ന തിന്റെ താൽപര്യം അവിടത്തെ ജനങ്ങളെയും അദ്ദേഹം കീഴടക്കി എന്നാണ്. ഇവിടെ قُلْنَا എന്നു പറഞ്ഞതിന്റെ താൽപര്യം അല്ലാഹു അദ്ദേഹത്തോട് നേരിട്ടുപറഞ്ഞു വെന്നോ വഹ്യ് മുഖേന അറിയിച്ചുവെന്നോ ആണെന്ന് മനസ്സിലാക്കുന്നവർ അദ്ദേഹത്തെ ഒരു നബിയോ ഇൽഹാം ലഭിക്കുന്ന വലിയ്യോ ആയി വിലയിരുത്തു ന്നുണ്ട്. ഭൂരിഭാഗം വ്യാഖ്യാതാക്കൾ അതു സ്വീകരിക്കു ന്നില്ല. അവരുടെ വീക്ഷണത്തിൽ സാഹചര്യത്തിന്റെ ഭാഷ്യമാണത്. മനഃസാക്ഷിയാണതിന്റെ വക്താവ്. മനോ ഗതങ്ങളുടെയും ആത്യന്തിക കാരണക്കാരൻ അല്ലാഹു വാണല്ലോ. അതുകൊണ്ട് ദുൽഖർനൈനിയുടെ മനോഗതത്തി ന്റെ കർതൃത്വം തന്നിലേക്ക് ചേർത്തിരിക്കുകയാണല്ലാഹു. താൽപര്യമിതാണ്: ഈ ജൈത്രയാത്രയുടെ ഫലമായി ജയിച്ച ടക്കിയ പ്രദേശങ്ങളിലെ ജനങ്ങളെ ദൈവം തനിക്കു കീഴ്പ്പെ ടുത്തിത്തന്നിരിക്കുകയാണ്. ഇപ്പോൾ അവരെ മർദിച്ചപമാനി ക്കുകയോ നല്ലനിലയിൽ പരിപാലിക്കുകയോ എന്തുവേണമെ ങ്കിലും ചെയ്യാൻ തനിക്ക് അധികാരവും കഴിവുമുണ്ട്. ആർക്കും തന്റെ നടപടിയെ ചോദ്യം ചെയ്യാനാവില്ല. ദുൽഖർ നൈനിക്ക് പ്രജകളെ ഇഷ്ടാനുസാരം മർദിക്കാനും രക്ഷിക്കാ നും അല്ലാഹു നിരുപാധികമായ അനുവാദം നൽകി എന്ന് ഇതിനർഥമില്ല. എല്ലാ ഭരണസാരഥികൾക്കും ഭരണീയരെ ശി ക്ഷിക്കാനും രക്ഷിക്കാനും അധികാരമുണ്ട്. ശിക്ഷിക്കേണ്ടവരെ ശിക്ഷിക്കുകയും രക്ഷിക്കേണ്ടവരെ രക്ഷിക്കുകയും വേണം. അതിൽ വീഴ്ച വരുത്തുമ്പോഴാണ് അക്രമവും അനീതിയു മുണ്ടാകുന്നത്. നീതിമാന്മാരായ ഭരണാധികാരികളെ അല്ലാഹു അനുഗ്രഹിക്കുന്നു. ജനങ്ങളെ അന്യായമായി ശിക്ഷിച്ചവർക്ക് അവങ്കൽനിന്നുള്ള ശിക്ഷ നേരിടേണ്ടിവരും. ഇക്കാര്യം ഇസ്രാ യേലികളുടെ രാജാവു കൂടിയായിരുന്ന ദാവൂദ് നബിയെ അല്ലാ ഹു ഇപ്രകാരം ഉണർത്തുന്നു.

يَـٰدَاوُۥدُ إِنَّا جَعَلْنَـٰكَ خَلِيفَةً فِى ٱلْأَرْضِ فَٱحْكُم بَيْنَ ٱلنَّاسِ بِٱلْحَقِّ وَلَا تَتَّبِعِ ٱلْهَوَىٰ فَيُضِلَّكَ عَن سَبِيلِ ٱللَّهِ ۚ إِنَّ ٱلَّذِينَ يَضِلُّونَ عَن سَبِيلِ ٱللَّهِ لَهُمْ عَذَابٌ شَدِيدٌۢ بِمَا نَسُوا۟ يَوْمَ ٱلْحِسَابِ ﴿٢٦﴾

(അല്ലയോ ദാവൂദ്, നാം നിന്നെ ഭൂമിയിൽ ഖലീഫയാക്കിയിരി ക്കുന്നു. ജനങ്ങളെ നീതിപൂർവം ഭരിക്കുക. നീ ജഡികാസ ക്തികളെ പിൻപറ്റിക്കൂടാ. അതുനിന്നെ ദൈവിക മാർഗ ത്തിൽനിന്നു വ്യതിചലിപ്പിക്കും. ദൈവിക മാർഗത്തിൽനിന്ന് വ്യതിചലിക്കുന്നവർക്കുള്ളത് കൊടിയ ദണ്ഡനമാകുന്നു. എന്തു കൊണ്ടെന്നാൽ അവർ വിചാരണാനാളിനെ വിസ്മരിച്ചുക ളഞ്ഞു-38:26).

ഈ സൂക്തത്തിൽ ദുൽഖർനൈനിയെ സംബോധന ചെയ്യുന്നതുപോലെ സൂറഃ സ്വാദിൽ സുലൈമാൻ നബിയെയും സംബോധന ചെയ്യുന്നുണ്ട്:

هَـٰذَا عَطَآؤُنَا فَٱمْنُنْ أَوْ أَمْسِكْ بِغَيْرِ حِسَابٍ ﴿٣٩﴾

(ഇതു നമ്മുടെ സമ്മാനമാകുന്നു ഇഷ്ടമുള്ളവരെ വിട്ടയക്കാനും ഇഷ്ടമുള്ളവരെ തടഞ്ഞുവെക്കാനും നിനക്ക് ചോദ്യം കൂടാത്ത അധികാരമുണ്ട്-38:39).

സത്യവും സന്മാർഗവും സ്വീകരിക്കാനും നിഷേധി ക്കാനും മനുഷ്യനുള്ള സ്വാതന്ത്ര്യം തന്നെയാണ് ഇവിടെ സൂചി പ്പിക്കുന്ന സ്വാതന്ത്ര്യം. അല്ലാഹുവിന്റെ അനുഗ്രഹവും ഔദാ ര്യവും ലഭിച്ചവന് അത് സത്യത്തിന്റെയും ധർമത്തിന്റെയും നീതിയുടെയും മാർഗത്തിൽ വിനിയോഗിക്കാം. അല്ലാഹുവിനെ ധിക്കരിച്ചുകൊണ്ട് അസത്യവും അനീതിയും അധർമവും, വളർത്താനും വിനിയോഗിക്കാം. പക്ഷേ ഇതിൽ ആദ്യത്തേതു മാത്രമേ അല്ലാഹു ഇഷ്ടപ്പെടുന്നുള്ളൂ. അതാണ് അവൻ അടി മകളിൽനിന്ന് ആവശ്യപ്പെടുന്നതും. ■